98 (1204) സംസ്ഥാനത്തെ തൊഴിൽസാദ്ധ്യതകൾ

ശ്രീ. കെ നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽസാദ്ധ്യതകൾ പഠിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്നും, അവയുടെ പഠനപുരോഗതി എന്താണെന്നും അറിയിക്കുമോ;

(സി) കുടിയേറ്റ തൊഴിലാളി നിയമവ്യവസ്ഥ സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ ഈ വ്യവസ്ഥമൂലം തൊഴിലാളിക്ക് തൊഴിൽ പരിരക്ഷ ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) 1979-ലെ സംസ്ഥാനാന്തര കുടിയേറ്റ തൊഴിലാളി നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ അറിവോ അനുമതിയോ കൂടാതെ അനധികൃതമായ റിക്രൂട്ട്മെന്റാണ് കുടിയേറ്റ തൊഴിലാളികൾ ചൂഷണംചെയ്യുന്നതിന് മുഖ്യകാരണമെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് അന്യസംസ്ഥാനങ്ങളിലേയ്ക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്തുകൊണ്ടുപോകുന്ന കോൺട്രാക്ടർമാരെ കണ്ടെത്താൻ സ്കാഡ് പരിശോധന ശക്തിപ്പെടുത്തുകവഴി അനധികൃത റിക്രൂട്ട്മെന്റ് തടയുന്നതിന് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളിനിയമം ഫലപ്രദമായി നടപ്പിലാക്കാൻ തൊഴിൽവകുപ്പ് ഉദ്യോഗസ്ഥൻമാരെ ഇൻസ്പെക്ടർമാരായി നിയമിച്ചിട്ടുണ്ട്. മൈഗ്രന്റ് വർക്ക്മെൻ ആക്ട് പ്രകാരം അന്യസംസ്ഥാനങ്ങളിലേയ്ക്ക് റിക്രൂട്ട് ചെയ്തുകൊണ്ടുപോകുന്ന തൊഴിലാളികൾക്ക് ഡിസ്പ്ലേസ്മെന്റ് അലവൻസ്, ജേർണി അലവൻസ്, പാസ് ബുക്ക് എന്നിവ നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് പ്രസ്തുത ആക്ട് പ്രകാരമുള്ള ലൈസൻസിന് ഓഫീസർമാർ നടപടികളെടുക്കുന്നുണ്ട്. അന്യസംസ്ഥാനങ്ങളിലെ മത്സ്യസംസ്കരണ യൂണിറ്റുകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സേവന വേതന പ്രശ്നങ്ങളും മറ്റു അനുബന്ധ പ്രശ്നങ്ങളെയും പറ്റി പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനു തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥ സംഘത്തെ സർക്കാർ നിയോഗിക്കുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംസ്ഥാനങ്ങളുമായി യോജിച്ചു കുടിയേറ്റ തൊഴിൽനിയമം ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly